"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ലൈഫ് മിഷൻ ഭവന പദ്ധതിക്കായി പലിശയിനത്തിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകികൊണ്ടും -വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക പദ്ധതി മാർഗ്ഗ രേഖയിൽ വിശദീകരിക്കുന്ന പ്രകാരം വിനിയോഗിക്കുന്നതിനു അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1239/2025/LSGD തീയതി,തിരുവനന്തപുരം, 20-05-2025

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.04.2025 ലെ എൽ എം1/2332/ഫിൻ/2024(1) നമ്പർ കത്ത്.

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി ലൈഫ് മിഷന് അനുവദിച്ച ബജറ്റ് വിഹിതത്തിൽ 4217-60-051-95, 4515-00-102-49 എന്നീ ശീർഷകങ്ങളിൽ അനുവദിച്ച തുകയെ പദ്ധതി രേഖയിൽ വിശദീകരിച്ച ഇനങ്ങളിലായി വിഭജിച്ച് വിനിയോഗിക്കുന്നതിനു അനുമതിയും 2217-80-800-62, 2515-00-102-30 എന്നീ ശീർഷങ്ങളിൽ പലിശയിനത്തിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും നൽകണമെന്ന് സിഇഒ ലൈഫ് മിഷൻ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചിട്ടുള്ളത് പ്രകാരം:

i. 2025-26 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കായി HUDCO യിൽ നിന്നുമെടുത്ത വായ്പയുടെ പലിശ തിരിച്ചടവിനായി, 2217-80-800-62 ഹഡ്കോ വായ്പക്കുള്ള പലിശ (നഗരം), 2515-00-102-30 ഹഡ്കോ വായ്പക്കുള്ള പലിശ (ഗ്രാമം) എന്നീ ശീർഷകങ്ങളിൽ അനുവദിച്ച യഥാക്രമം 77,79,00,000 രൂപ 256,26,00,000 രൂപ എന്നിവ വിനിയോഗിക്കുന്നതിന് ലൈഫ് മിഷന് ഭരണാനുമതി നൽകികൊണ്ടും ;

ii. 2024-25 സാമ്പത്തിക വർഷം 4217-60-051-95 ലൈഫ് പാർപ്പിട പദ്ധതി(നഗരം), 4215-00-102-49 ലൈഫ് പാർപ്പിട പദ്ധതി (ഗ്രാമം) ശീർഷകങ്ങളിൽ അനുവദിച്ച തുകയെ പദ്ധതി മാർഗ്ഗ രേഖയിൽ വിശദീകരിക്കുന്ന താഴെ പറയും പ്രകാരം വിനിയോഗിക്കുന്നതിനും അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4217-60-051-95 ലൈഫ് പാർപ്പിട പദ്ധതി(നഗരം)**

| നം | | തുക(ലക്ഷത്തിൽ) |
|---|---|---|
| 1 | വ്യക്തിഗത ഭവനങ്ങൾ / സംസ്ഥാന വിഹിതം | 10,000 |
| 2 | നഗര മേഖലയിലെ ഭവനസമുച്ചയങ്ങൾ / ഫ്ളറ്റ്/ഭവനക്ലസ്റ്ററുകൾ | 4000 |
| | ആകെ | 14000 |

**4515-00-102-49 ലൈഫ് പാർപ്പിട പദ്ധതി(ഗ്രാമം)**

| നം | | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | വ്യക്തിഗത ഭവനങ്ങൾ / സംസ്ഥാന വിഹിതം | 48000 |
| 2 | ഗ്രാമീണമേഖലയിലെ ഭവന സമുച്ചയങ്ങൾ /ഫ്ളറ്റ്/ഭവനക്ലസ്റ്ററുകൾ | 7453 |
| 3 | ഭരണചെലവുകൾ | 652 |
| 4 | ഹഡ്കോ വായ്പ മുതൽ തിരിച്ചടവ് | 1895 |
| | ആകെ | 58000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
ധനകാര്യ(WCD) വകുപ്പ് -WCD-3/92/2024/fin -പ്രകാരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, web and new മീഡിയ, ഐ&പി. ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 21-05-2025 09:16:20
സെക്ഷൻ ഓഫീസർ